പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 988   14.06.2012ൽ മറുപടിയ്ക്ക്

## മലയാളം സർവ്വകലാശാല രൂപീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ കാര്യങ്ങളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും വിശദമാക്കുമോ ; | (എ) 1.അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി. 2.കണ്ണൂർ കേന്ദ്രമാക്കി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളേജിയറ്റ് എഡ്യൂക്കേഷൻ ഓഫീസ് ആരംഭിക്കും. 3.അട്ടപ്പാടിയിൽ പുതിയ ആർട്ട്സ് & സയൻസ് കോളേജിന് ഭരണാനുമതി നൽകുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. 4.തിരുവനന്തപുരത്ത് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി (TREST)റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചു വരുന്നു. 5.സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ പദ്ധതിയിൽ അനുവദിച്ചു. 6.മലയാള സർവ്വകലാശാലയുടെ രൂപരേഖ സ്പെഷ്യൽ ഓഫീസർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 7. ടെക്നോപാർക്ക് ക്യാമ്പസിൽ എൽ.ബി.എസ് ഇൻഡസ്ട്രി ഇന്റർഫെയ്സ് സെന്റർ സ്ഥാപിക്കും. 8. കോട്ടയം അകലക്കുന്നം കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സിന്റെപ്രവർത്തനങ്ങൾതുടങ്ങും. |
| (ബി) മലയാളം സർവ്വകലാശാല രൂപീകരണം ഇപ്പോൾ എത് ഘട്ടത്തിലാണ് ; | ( ബി) മലയാള സർവ്വകലാശാലയുടെ സമീപനവും ഘടനയും സംബന്ധിച്ച റിപ്പോർട്ട് മലയാള സർവ്വകലാശാല സ്പെഷ്യൽ സെക്രട്ടറി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.ഇതിന് മന്ത്രിസഭയുടെ അനുമതി ലഭിക്കേണ്ടതുണ്ട്. |
| (സി) ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് സർവ്വകലാശാലയുടെ കേന്ദ്രം കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെ, എന്ന്, ആരംഭിക്കുമെന്ന് | (സി)ഉണ്ട്. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനായി മലപ്പുറം ,പാണക്കാട് |

| | |
|---|---|
| വ്യക്തമാക്കാമോ ? | ഇൻകെലിൻറ്റെ പക്കലുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ